# ജീവിതത്തെ തൊടുന്നുണ്ടോ നമ്മുടെ നബിസ്നേഹം?

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ ﷺ، قَالَ: "مِنْ أَشَدِّ أُمَّتِي لِي حُبًّا نَاسٌ يَكُونُونَ بَعْدِي يَوَدُّ أَحَدُهُمْ لَوْ رَآنِي بِأَهْلِهِ وَمَالِهِ" (رواه مسلم، كتاب الجنة باب: فيمن يود رؤية النبي صلى الله عليه وسلم بأهله، برقم 2832).

**അബൂഹുറയ്റ നിവേദനം ചെയ്യുന്നു: റസൂൽ പറഞ്ഞു: ''എന്റെ സമൂഹത്തിൽനിന്ന് എന്നെ അത്യധികം സ്നേഹിക്കുന്നവർ എന്റെ കാലശേഷം വരാനിരിക്കുന്നു. തങ്ങളുടെ കുടുംബവും സമ്പത്തും ത്യജിച്ചും അവർ എന്നെ കാണാൻ ആഗ്രഹിക്കും'' (ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഉദ്ധരിച്ചത്).**

മുഹമ്മദ് നബി(സ)യുമായുള്ള സമാഗമവും സ്വർഗത്തിൽ പ്രവാചകനോടൊപ്പമുള്ള ജീവിതവും സത്യവിശ്വാസികളുടെ സ്വപ്നമാണ്. അല്ലാഹുവെ സന്ധിക്കുക (ലിഖാഉല്ലാഹ്) എന്ന പരമമായ ലക്ഷ്യത്തിനു ശേഷം രണ്ടാമത് വരുന്നതാണ് സ്വർഗത്തിൽ നബിയോട് സഹവസിക്കുക എന്ന മോഹം. അത്രമേൽ സ്നേഹിക്കുന്നുണ്ട് സത്യവിശ്വാസി മുഹമ്മദ് നബിയെ. കാരണം, അവർക്ക് ഇഹ പര ജീവിതവിജയത്തിന്റെ വഴിവെളിച്ചം തെളിച്ചു കൊടുത്തത് ആ ദൈവദൂതനാണ്. അതായത് നബി(സ)യുടെ ശാരീരിക ആകർഷണീയതയോ അതിമാനുഷിക സ്വഭാവമുള്ള അത്ഭുത പ്രകടനങ്ങളോ അല്ല, സ്നേഹത്തിന്റെ അടിസ്ഥാനപ്രചോദനം. അങ്ങനെയെങ്കിൽ നബിയുടെ ഭൗതികശരീരം ദർശിച്ച് അദ്ദേഹത്തോടൊപ്പം കഴിയാത്തവർക്ക് അദ്ദേഹത്തെ സ്നേഹിക്കാൻ കഴിയുമായിരുന്നില്ലല്ലോ. പക്ഷേ, പതിനാല് നൂറ്റാണ്ടുകൾക്കിപ്പുറവും മുഹമ്മദ് നബി(സ) ജനമനസ്സിൽ നിത്യപൗർണമിയാണ്. ഒരു വാക്കു കൊണ്ടും വര കൊണ്ടും നബി നിന്ദിക്കപ്പെടുന്നത് അസഹനീയമായ ജനകോടികൾ ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവദൂതനെ മനസ്സിൽ ഏറ്റുവാങ്ങിയവരാണ്. 'എന്റെ സമൂഹത്തിൽനിന്ന് എന്നെ അത്യധികം സ്നേഹിക്കുന്നവർ എന്റെ കാലശേഷം വരാനിരിക്കുന്നു. തങ്ങളുടെ കുടുംബവും സമ്പത്തും ത്യജിച്ച് അവർ എന്നെ കാണാൻ ആഗ്രഹിക്കും' എന്ന മുകളിലുദ്ധരിച്ച നബിവചനത്തിന്റെ പുലർച്ച നമുക്കിവിടെ കാണാം.

മാനുഷികമായ ജീവിതമാണ് മുഹമ്മദ് നബി(സ) നയിച്ചത്. തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ഉണരുകയും കരയുകയും ചിരിക്കുകയും കുടുംബജീവിതം നയിക്കുകയും സാമ്പത്തിക വ്യവഹാരങ്ങൾ നടത്തുകയും സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്ത പച്ചയായ മനുഷ്യജീവിതം. ആത്മീയതയുടെ ഔന്നത്യം തേടിക്കൊണ്ടിരുന്നപ്പോൾ തന്നെ വിനോദങ്ങൾ ആസ്വദിക്കാനും കായിക പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും പ്രവാചകൻ സമയം കണ്ടെത്തി. അതാണ് ആ ജീവിതത്തിന്റെ സന്തുലിത സമീപനം. ജീവിതഗന്ധിയായ ഈ മാതൃക തന്നെയാണ് പ്രവാചകസ്നേഹത്തിന്റെ അടിസ്ഥാന ചോദന. അത്ഭുതസിദ്ധികൾ കൊണ്ട് അലംകൃതമാകാത്ത നബിജീവിതത്തിലെ യഥാർഥ അമാനുഷികത വിശുദ്ധ ഖുർആനാണ്. ലോകത്തിന് ഖുർആൻ പഠിപ്പിച്ചു, അതനുസരിച്ച് ജീവിച്ചു കാണിച്ചു നബി(സ). ഇതിലൂടെ നമുക്ക് ലഭിച്ച സന്മാർഗപ്രകാശം തന്നെ നബിസ്നേഹത്തിന് മതിയായ കാരണമാണ്. എങ്കിൽ ആ ഖുർആൻ ജീവിതത്തിൽ പകർത്തലാണ് നബിസ്നേഹ പ്രകടനത്തിന്റെ ശരിയായ രൂപം. ഒരു അധ്യാപകന് സ്നേഹാദരവ് ലഭിക്കുന്നത് അദ്ദേഹം തലമുറകൾക്ക് പകർന്നുനൽകിയ അറിവിന്റെ വെളിച്ചം കാരണമാണ്. പാഠഭാഗങ്ങൾ നന്നായി പഠിക്കുക, പകർന്നുതന്ന മൂല്യങ്ങൾ ജീവിതത്തിൽ പുലർത്തുക, ഗുരുനാഥന്റെയും കലാലയത്തിന്റെയും യശസ്സ് ഉയർത്തുക തുടങ്ങിയവയാണ് അധ്യാപകനോടുള്ള ആദരവും സ്നേഹവും പ്രകടിപ്പിക്കാനുള്ള അർഥപൂർണമായ വഴികൾ. പഠിക്കാതെ ഉഴപ്പിനടന്നും പകർന്നുതന്ന മൂല്യങ്ങൾ കാറ്റിൽപറത്തിയും സ്ഥാപനത്തിന് ചീത്തപ്പേരുണ്ടാക്കിയും കഴിയുന്ന ഒരു വിദ്യാർഥി, താൻ അധ്യാപകനെ സ്നേഹിക്കുന്നുവെന്ന് നാവു കൊണ്ട് ഉരുവിടുന്നത് പരിഹാസ്യമാണ്! നബിസ്നേഹത്തിന്റെ അവസ്ഥയും ഇതുതന്നെ.

പ്രവാചകനിലുള്ള വിശ്വാസം ഇസ്‌ലാമിക വിശ്വാസ സ്തംഭങ്ങളിലൊന്നാണ്. പ്രവാചകനോടുള്ള സ്നേഹം ആ വിശ്വാസത്തിന്റെ പ്രകടന രൂപങ്ങളിലൊന്നും. നബിക്ക് നൽകേണ്ട വിശ്വാസം, അനുസരണം, അനുധാവനം തുടങ്ങിയവയെക്കുറിച്ച് ഖുർആൻ നിരവധി അധ്യായങ്ങളിൽ പഠിപ്പിച്ചിട്ടുണ്ട്. നബിസ്നേഹത്തെക്കുറിച്ച് വന്നിട്ടുള്ള ഹദീസുകളും അനവധി. അനസ്(റ) നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു: "മാതാപിതാക്കൾ, മക്കൾ, മുഴുവൻ മനുഷ്യർ എന്നിവരേക്കാൾ ഞാൻ പ്രിയപ്പെട്ടവനായി മാറുന്നതുവരെ നിങ്ങളിലൊരാളും സത്യവിശ്വാസിയാവുകയില്ല"

(ബുഖാരി, മുസ്‌ലിം). ഒരിക്കൽ ഉമറുബ്നുൽ ഖത്ത്വാബ് നബിയുടെ സദസ്സിലേക്ക് വന്നു. "പ്രവാചകരേ, എനിക്ക് ഞാൻ കഴിഞ്ഞാൽ ഏറ്റവും പ്രിയം താങ്കളോടാണ്." ഇതു കേട്ട പ്രവാചകൻ ഇങ്ങനെ പ്രതിവചിച്ചു: "ഒരാൾക്ക് സ്വന്തത്തേക്കാൾ ഞാൻ പ്രിയപ്പെട്ടനവനായിത്തീരും വരെ നിങ്ങളിലാരും സത്യവിശ്വാസിയാവുകയില്ല." അൽപസമയത്തെ മൗനത്തിനു ശേഷം ഉമറുബ്നുൽ ഖത്ത്വാബ് പ്രഖ്യാപിച്ചു: " പ്രവാചകരേ, ഖുർആൻ അവതരിപ്പിച്ചവനാണ് സത്യം, എനിക്ക് എന്നേക്കാൾ പ്രിയപ്പെട്ടവൻ താങ്കൾ തന്നെയാണ്." അപ്പോൾ, 'അതേ, ഇപ്പോൾ ശരിയായിരിക്കുന്നു ഉമർ' എന്നായിരുന്നു നബിയുടെ പ്രതികരണം.

സ്വർഗം മാത്രം പോരാ, അവിടെ നബിയുടെ സാമീപ്യം കൂടി വേണമെന്ന മോഹം സത്യവിശ്വാസികൾക്ക് പകർന്നുകിട്ടിയത് സ്വഹാബികളിൽനിന്നാണ്. ഒരിക്കൽ അനുചരന്മാരിലൊരാൾ നബിയുടെ അടുത്ത് വന്നു; 'പ്രവാചകരേ, എന്റെ സമ്പത്തിനേക്കാൾ, സ്വന്തത്തേക്കാൾ ഞാൻ താങ്കളെ സ്നേഹിക്കുന്നു. താങ്കളെ ഓർമവരുമ്പോഴെല്ലാം ഇവിടെ വന്ന് താങ്കളെ കാണാതിരിക്കാൻ എനിക്കാവുന്നില്ല, പക്ഷേ, താങ്കൾ മരിക്കും, ഞാനും. അനന്തരം സ്വർഗത്തിൽ താങ്കൾ പ്രവാചകന്മാരുടെ കൂടെ ഉയർന്ന വിതാനത്തിലായിരിക്കുമല്ലോ. സ്വർഗത്തിൽ എനിക്ക് താങ്കളെ കാണാൻ സാധിക്കില്ലല്ലോ.' പ്രവാചക സഖാവിന്റെ ഈ ആവലാതിക്കുള്ള ഉത്തരമായി, ആഗ്രഹത്തിന്റെ പൂർത്തീകരണമായി അല്ലാഹു ഇങ്ങനെ പ്രതികരിച്ചു: "അല്ലാഹുവിനെയും ദൂതനെയും അനുസരിക്കുന്നവർ, അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച പ്രവാചകന്മാരുടെയും സച്ചരിതരുടെയും രക്തസാക്ഷികളുടെയും സജ്ജനങ്ങളുടെയും കൂടെയായിരിക്കും. അവർ നല്ല സഹചാരികളാണ്" (ഖുർആൻ). നബി ആ സഖാവിനെ അടുത്ത് വിളിച്ച് ഈ സൂക്തം കേൾപ്പിച്ച ശേഷം ഇങ്ങനെ പറഞ്ഞു: "എന്നെ സ്നേഹിക്കുന്നവർ സ്വർഗത്തിൽ എന്നോടൊപ്പമായിരിക്കും" (തിർമിദി). നബിസ്നേഹത്തിന് ലഭിക്കുന്ന പ്രതിഫലം സ്വർഗത്തിൽ അദ്ദേഹത്തിന്റെ സാമീപ്യമായിരിക്കുമെന്നത് ആ സ്നേഹത്തിന്റെ മഹത്വം വിളംബരം ചെയ്യുന്നുണ്ട്.

അൻസ്വാരിയായ സ്വഹാബിവനിതയുടെ ചരിത്രം സുവിദിതമാണ്. പ്രവാചകനോടുള്ള അടങ്ങാത്ത സ്നേഹമായിരുന്നു അവരുടെ മനസ്സ് നിറയെ. ഉഹുദ് സംഘർഷത്തിൽ അവരുടെ പിതാവും സഹോദരനും ഭർത്താവും രക്തസാക്ഷികളായി. പക്ഷേ, അതൊന്നും അവരെ കാര്യമായി സ്പർശിച്ചില്ല. പ്രവാചകന് എന്തോ ആപത്ത് പിണഞ്ഞതായുള്ള വാർത്തയായിരുന്നു അവരുടെ ചങ്കിടിപ്പേറ്റിയത്. "ദൈവദൂതന് എന്തു സംഭവിച്ചു?" വഴിയുലടനീളം കാണുന്നവരോടെല്ലാം അവർ അന്വേഷിച്ചുകൊണ്ടിരുന്നു. അവസാനം മറുപടി കിട്ടി: "നബിക്ക് ഒരാപത്തും സംഭവിച്ചിട്ടില്ല. അദ്ദേഹം സുരക്ഷിതനാണ്- അൽഹംദു ലില്ലാഹ്." അവർക്ക് മതിയായില്ല. 'എവിടെ പ്രവാചകൻ, എനിക്ക് കാണിച്ചുതരൂ'- അവർ ആവശ്യപ്പെട്ടു. നബിയെ കണ്ടതും അവർ പ്രഖ്യാപിച്ചു: 'താങ്കൾ സുരക്ഷിതനാണെങ്കിൽ മറ്റെല്ലാ അപകടങ്ങളും നിസ്സാരമാണ്.' ഇങ്ങനെയാണ് അന്ന് അനുയായികൾ നബിയെ സ്നേഹിച്ചത്. 'മുഹമ്മദിന്റെ അനുയായികൾ മുഹമ്മദിനെ സ്നേഹിക്കുന്നതുപോലെ മറ്റാരും ഒരാളെയും സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല' എന്ന് ഖുറൈശിനേതാവ് അബൂസുഫ്‌യാനെക്കൊണ്ട് പറയിച്ചതും മറ്റൊന്നല്ല. ഈ സ്നേഹമാണ് തലമുറകൾ കൈമാറി ഇന്നും സത്യവിശ്വാസികൾ കെടാതെ സൂക്ഷിക്കുന്നത്.

നബി(സ) ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവൻ സംരക്ഷിക്കുന്നത് സ്നേഹത്തിന്റെ പ്രാവർത്തിക രൂപങ്ങളിലൊന്നാണ്. ഹിജ്റ വേളയിൽ അബൂബക്ർ സിദ്ദീഖും ഉഹുദിൽ ഉമ്മു അമ്മാറയും മറ്റനവധി സ്വഹാബികളും ഇത് കാണിച്ചുതന്നിട്ടുണ്ട്. നബിയുടെ നന്മകൾ വിളംബരം ചെയ്യുന്നത് പ്രബോധനപരമായ പ്രവാചകപ്രകീർത്തനമാണ്. നബിയുടെ കാലത്തും അതിലേറെ പിന്നീടും ഇത് നിർവഹിക്കപ്പെടുന്നു. സ്വലാത്ത് ചൊല്ലുന്നതുൾപ്പെടെയുള്ള പ്രവാചക കീർത്തനങ്ങൾ എന്നും പ്രസക്തമാണ്; നബിനിന്ദ തുടർന്നുകൊണ്ടിരിക്കുമ്പോൾ വിശേഷിച്ചും. എന്നാൽ എക്കാലത്തും മുസ്‌ലിം സമൂഹം സ്വജീവിതം കൊണ്ട് അടയാളപ്പെടുത്തുമ്പോൾ മാത്രമാണ് നബിസ്നേഹം അർഥവത്തായിത്തീരുന്നത്. പ്രവാചകൻ നമ്മുടെ ജീവിതത്തെ തൊടുന്നുണ്ടോ, അദ്ദേഹം കാണിച്ചുതന്ന കർമമാതൃകകൾ നമ്മുടെ രാപ്പകലുകളെ ദീപ്തമാക്കുന്നുണ്ടോ തുടങ്ങിയ ചോദ്യങ്ങൾക്ക് സ്വന്തം ആയുസ്സുകൊണ്ട് നാം ശരിയായ ഉത്തരമെഴുതുക തന്നെ വേണം. നബിസ്മരണയും സ്നേഹവും നാവിൽ നിറയുകയും തെരുവിൽ ബഹളമാവുകയും ചെയ്യുന്നതിനപ്പുറം മുസ്‌ലിം സമൂഹത്തിന്റെ ജീവിതത്തെ തൊട്ടുണർത്തണം. അല്ലാഹുവോടുള്ള സ്നേഹം പ്രഖ്യാപിക്കേണ്ടത് പ്രവാചകന്റെ കർമമാതൃകകൾ ജീവിതത്തിൽ പകർത്തി(ഇത്തിബാഉർറസൂൽ) കൊണ്ടാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. അനുധാവനത്തിലേക്ക് (ഇത്തിബാഅ്) വികസിക്കാത്ത അനുരാഗപ്രകീർത്തനങ്ങൾ അർഥരഹിതവും ഫലശൂന്യവുമാണ്. അതുകൊണ്ടാണ് പ്രവാചകപ്രകീർത്തനങ്ങളാൽ മുഖരിതമാകുമ്പോഴും മുസ്‌ലിം സാമൂഹിക ജീവിതം വലിയ അളവിൽ നബിജീവിതവുമായി സംഘർഷപ്പെടുന്നത്. മുഹമ്മദ് നബി(സ)യുടെ ജീവിതവും മുസ്‌ലിം സമൂഹത്തിന്റെ വർത്തമാനവും തമ്മിൽ വൈരുധ്യങ്ങളെത്ര! ഐക്യം മുറുകെ പിടിക്കാൻ ആഹ്വാനം ചെയ്ത നബി അനൈക്യത്തിനെതിരെ മുന്നറിയിപ്പു നൽകിയെങ്കിലും ഛിദ്രതയിലാണ് മുസ്‌ലിം ലോകം മത്സരിക്കുന്നത്. സമ്പത്തിൽ കലരുന്ന നിഷിദ്ധങ്ങൾ അനുഷ്ഠാനങ്ങളെ പോലും അപായപ്പെടുത്തുമെന്ന് നബി താക്കീത് ചെയ്തെങ്കിലും മുസ്‌ലിം സമൂഹം സാമ്പത്തിക വിശുദ്ധിയിൽ ഇന്ന് എവിടെ നിൽക്കുന്നു? ഐഹികവിരക്തനായി ജീവിച്ച പ്രവാചകന്റെ ദാരിദ്ര്യം വിറ്റ് സമ്പന്നരാകുന്ന മത പുരോഹിതന്മാരും പ്രഭാഷകരും വരെ നമുക്ക് ചുറ്റുമുണ്ട്. പ്രവാചകപ്രേമം പ്രവർത്തനങ്ങളിലേക്ക് വളർന്നിരുന്നെങ്കിൽ ഇത്തരം വൈരുധ്യങ്ങൾ സംഭവിക്കില്ലായിരുന്നു. ●

ആർ. യൂസുഫിന്റെ 'അന്ദലൂസ്: തുടച്ചുനീക്കപ്പെട്ടവർ തിരിച്ചുവരുന്നതും കാത്ത്' - യാത്രാ വിവരണം അടുത്ത ലക്കത്തിൽ തുടരും.

**എഡിറ്റർ**